# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5831** | **28/03/2018-ൽ മറുപടിക്ക്**

### സർക്കാർ ആശുപത്രികളിലെ ശുചിത്വം

**ചോദ്യം**

**ശ്രീ.എ. എൻ. ഷംസീർ**

എ) സർക്കാർ ആശുപത്രികൾ പൂർണ്ണമായും ശുചിത്വത്തോടെ സൂക്ഷിക്കാനുള്ള നടപടികൾ ആണ് സർക്കാർ സ്വീകരിക്കുന്നതെങ്കിലും ചില ഹോസ്പിറ്റലുകൾക്ക് ഇപ്പോഴും ശുചിത്വത്തിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) എങ്കിൽ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) സർക്കാർ ആശുപത്രികളിൽ ശുചിത്വം ഉറപ്പു-വരുത്തുന്നതിന്റെ ഭാഗമായി Infection Control Committee പ്രവർത്തനങ്ങൾ നടത്തിവരുന്നു. Aseptic Procedure (അസ്പിറ്റിക് നടപടി ക്രമത്തിന്റെ) ഭാഗമായി ഹാന്റ് വാഷ് ഉപയോഗം സംബന്ധിച്ച് സർക്കുലർ ആശുപത്രിയിലെ പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുവാൻ Infection Guidelines ഉം ഉചിതമായ നടപടികൾക്കുവേണ്ടി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ആശുപത്രികളിൽ Infection Control Committee-കൾ സജീവമാണ്. Continuing Medical Education-ന്റെ ഭാഗമായി Infection Control, Hand Wash Techniques എന്നിവയെപ്പറ്റി ക്ലാസ്സുകൾ ആശുപത്രികളിൽ നടത്തിവരുന്നു. Sanitory Works എല്ലാ സ്ഥാപനങ്ങളിലും സൂപ്രണ്ടിന്റെ / മെഡിക്കൽ ആഫീസർ ഇൻ-ചാർജിന്റെ നേതൃത്വത്തിൽ നടന്നുവരികയും ആശുപത്രിയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നു. ആശുപത്രികളിലെ മാലിന്യങ്ങൾ തരംതിരിച്ച് ബയോമെഡിക്കൽ മാലിന്യങ്ങൾ ഉചിതമായ രീതിയിലോ Image മുഖേനയോ നശിപ്പിക്കുകയും മറ്റു വേസ്റ്റ് പേപ്പർ മുതലായവ സ്ഥാപനങ്ങളിൽ തന്നെയുള്ള Incineration മുഖേനയോ ത്രിതല പഞ്ചായത്ത് തലത്തിൽ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലെ മാലിന്യ-വിമുക്തിക്കുള്ള പ്രോജക്ട് മുഖേന നശിപ്പിച്ചു കളയുന്നു.

**സെക്ഷൻ ഓഫീസർ**